പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 107 | 04.02.2019-ൽ മറുപടിക്ക്

**കെ.എസ്.ടി.പി രണ്ടാം ഘട്ട പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ. മുരളി<br>,, സി.കൃഷ്ണൻ<br>,, രാജു എബ്രഹാം<br>,, ആന്റണി ജോൺ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

(എ) കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; പദ്ധതിയുടെ ലോൺ കാലാവധി എന്നുവരെയാണെന്ന് വെളിപ്പെടുത്തുമോ;

(എ) ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്സ്.ടി.പി രണ്ടാം ഘട്ട പദ്ധതിയുടെ മൊത്തം പദ്ധതി തുക 2403 കോടി രൂപയാണ്. ഇതിൽ 56% ലോകബാങ്കും 44% സംസ്ഥാന സർക്കാരും എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. കെ.എസ്സ്.ടി.പി രണ്ട് പദ്ധതിയിലുൾപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും | കരാർ തുക (കോടി രൂപ) | നിലവിലെ പുരോഗതി (ശതമാനത്തിൽ) |
|---|---|---|---|
| UG-1 | കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ) | 133.05 | 100 |
| UG-2 | പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ) | 118.29 | 100 |
| UG-3A | തലശ്ശേരി - കളറോഡ് റോഡ് (28.80 കി.മീ) | 156.34 | 55 |

| | | | |
|---|---|---|---|
| UG-3B | കളറോഡ് - വളവുപാറ റോഡ് (25.20 കി.മീ) | 209.68 | 75 |
| UG-4 | ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് (45.40 കി.മീ) | 293.58 | 100 |
| UG-4A | തിരുവല്ല ബൈപ്പാസ് (2.3 കി.മീ) | 31.80 | നിർത്തിവച്ച തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി റീടെണ്ടർ ചെയ്യുകയും ബോംബെ ആസ്ഥാനമായ M/s. GHV (India) Pvt Ltd എന്ന കമ്പനിയുമായി 29.12.2018-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. |
| 4B | തിരുവല്ല ടൗൺ നവീകരണം (1.90 കി.മീ) | 7.77 | M/s. EKK Infrastructure Pvt Ltd എന്ന കമ്പനിയുമായി 29.12.2018-ൽ കരാറിൽ ഏർപ്പെട്ടു. |
| UG-5 | ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് (40.96 കി.മീ) | 171.49 | 100 |
| UG-6 | പൊൻകുന്നം - തൊടുപുഴ റോഡ് (50 കി.മീ) | 227.13 | 100 |
| UG-7 | പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡ് (41 കി.മീ) | 8.11 | 100 |
| UG-8 | പുനലൂർ - പൊൻകുന്നം റോഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (82 കി.മീ) | 700 (എസ്റ്റിമേറ്റ് തുക) | പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ട പദ്ധതി നിലവിൽ ഇൻജിനിയറിംഗ് പ്രോക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി) മാതൃകയിൽ മൂന്നു പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയാണ് ലോകബാങ്കിന്റെ നിർദ്ദേശ പ്രകാരം ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതിനുവേണ്ടി മൂന്നു പാക്കേജുകളുടേയും ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി 15.02.2019 ആണ്. |

| | | | |
|---|---|---|---|
| | സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി - കഴക്കൂട്ടം - തൈക്കോട് - അടൂർ റോഡിന്റെ ബി.സി ഓവർലേയും മറ്റ് റോഡ് സുരക്ഷാ പണികളും (80 കി.മീ) | 146.67 | 55 |

കെ.എസ്.ടി.പി രണ്ടാം ഘട്ട പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള സമയപരിധി 2019 ഏപ്രിൽ ആയിട്ടാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ 2021 ഏപ്രിൽ വരെ ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക്ക് അഫയേർസിന് സമർപ്പിച്ചിട്ടുണ്ട്.

(ബി). ചെങ്ങന്നൂർ-ഏറ്റുമാന്നൂർ, ഏറ്റുമാന്നൂർ-മൂവാറ്റുപുഴ, കാസർഗോഡ്-കാഞ്ഞങ്ങാട്, പൊൻകുന്നം-തൊടുപുഴ റോഡുകളുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കാൻ ഈ സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ ;

(ബി) ചെങ്ങന്നൂർ-ഏറ്റുമാന്നൂർ, ഏറ്റുമാന്നൂർ-മൂവാറ്റുപുഴ, കാസർഗോഡ്-കാഞ്ഞങ്ങാട്, പൊൻകുന്നം-തൊടുപുഴ റോഡുകളുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ടി അവലോകനയോഗങ്ങൾ വിളിച്ചുചേർത്ത് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അപ്രകാരം പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തു.

(സി). അപകടരഹിത റോഡിന്റെ മാതൃകാ പദ്ധതിയായ കഴക്കൂട്ടം-അടൂർ റോഡ് നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(സി). കഴക്കൂട്ടം-അടൂർ മാതൃകാ സുരക്ഷാ പദ്ധതിയിൽ തൈക്കോട് (ചെയിനേജ് 25/250) മുതൽ അടൂർ (ചെയിനേജ് 93/000) വരെയുള്ള എം.സി റോഡിന്റെ ടാറിംഗ് പ്രവൃത്തികൾ, എം.സി റോഡിലും തൈക്കോട് മുതൽ വെട്ടുറോഡുവരെയുള്ള ലിങ്ക് 72 റോഡിലും ആവശ്യമായ സ്ഥലങ്ങളിൽ ഓട, കലുങ്ക്, സംരക്ഷണ ഭിത്തി ഇവയുടെ നിർമ്മാണം, റോഡ് സുരക്ഷാ പ്രവൃത്തികളായ റോഡ് മാർക്കിംഗ്, സൈൻ ബോർഡുകൾ

സ്ഥാപിക്കുക, ഫുട് പാത്ത് ഉൾപ്പെടെയുള്ള ജംഗ്ഷൻ നവീകരണ പ്രവൃത്തികൾ, ക്രാഷ് ബാരിയർ സ്ഥാപിക്കൽ, സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയവയാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്.

ടാറിംഗ് - 66.50 കി.മീറ്റർ ടാറിംഗ് ഉണ്ടായിരുന്നതിൽ 58.00 കി.മീ പൂർത്തീകരിച്ചു.

12950 മീറ്റർ ഓടയും, 1332 മീറ്റർ സംരക്ഷണ ഭിത്തിയും പൂർത്തിയായി. 19 കലുങ്കുകളിൽ 15 എണ്ണം പൂർത്തീകരിച്ചു. 2 എണ്ണത്തിന്റെ പ്രവൃത്തി പുരോഗതിയിലാണ്.

6818 മീറ്റർ ക്രാഷ് ബാരിയറും, 648 സോളാർ സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

അടൂർ മുതൽ കിളിമാനൂർ വരെ ജംഗ്ഷൻ ഒഴികെയുള്ള 42 കി.മീ റോഡ് മാർക്കിംഗ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു.

(ഡി) ശബരിമല തീർത്ഥാടകർക്ക് ഏറ്റവും പ്രയോജനപ്രദമായ പുനലൂർ-പൊൻകുന്നം റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(ഡി). പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ട പദ്ധതി നിലവിൽ ഇൻജിനിയറിംഗ് പ്രോക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി) മാതൃകയിൽ മൂന്നു പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയാണ് ലോകബാങ്കിന്റെ നിർദ്ദേശ പ്രകാരം ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതിനുവേണ്ടി മൂന്നു പാക്കേജുകളുടേയും ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി ചുവടെ ചേർക്കുന്നു.

| പാക്കേജ് നം | റോഡിന്റെ പേരും ദൈർഘ്യവും | ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി |
|---|---|---|
| 8 എ | പുനലൂർ മുതൽ കോന്നി വരെ (ചെയിനേജ്: 00+000/29+840) | 25.02.2019 |
| 8 ബി | കോന്നി മുതൽ പ്ളാച്ചേരി വരെ (ചെയിനേജ്: 29+840/60+000) | 26.02.2019 |
| 8 സി | പ്ളാച്ചേരി മുതൽ പൊൻകുന്നം വരെ (ചെയിനേജ്: 60+000/82+173) | 27.02.2019 |

S. Bindu

സെക്ഷൻ ഓഫീസർ